ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:18.11.2024

## പ്രധാനവാർത്തകൾ

1. ബ്രസീലിലെ റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

2. പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം. സ്ഥാനാർഥികൾ സജീവമായി രംഗത്ത്.

3. ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേളക്ക് ഇന്ന് സമാപനം. കിരീടം ഉറപ്പിച്ച് മലപ്പുറം ജില്ല.

4. ഇന്ന് കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണദിനം.

5. ജിടി ഓപ്പൺ അമ്പെയ്ത്ത് മത്സരത്തിന്റെ വനിതാ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ ജ്യോതി സുരേഖ വെന്നത്തിന് സ്വർണം.

*****************************************************************

PNUTVPM

## പ്രധാനമന്ത്രി - ജി 20

ബ്രസീലിലെ റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. നൈജീരിയൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ബ്രസീലിൽ എത്തിയത്. ജി-20 ഉച്ചകോടിയിൽ, വിവിധ ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ എത്തുന്ന രാഷ്ട്രതലവൻമാരുമായും ശ്രീ മോദി കൂടികാഴ്ച നടത്തും. ഇന്നും നാളെയുമായി നടക്കുന്ന ഉച്ചകോടിയിൽ യു.എസ് പ്രസിഡൻറ് ജോ ബൈഡൻ, ചൈനീസ് പ്രസിഡൻറ് ഷി ജിൻ പിംഗ് തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ ശ്രീ.മോദി ഗയാനയിലെത്തും.

RNU TVPM

*************************************************************

## പാലക്കാട് - തിരഞ്ഞെടുപ്പ്

പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കുമ്പോൾ ആരംഭം മുതൽ ഉണ്ടായ രാഷ്ട്രീയ വിവാദങ്ങൾക്കും, ആരോപണ പ്രത്യാരോപണങ്ങൾക്കും ഇടയിലും പരമാവധി വോട്ടർമാരെ നേരിൽ കാണാൻ കഴിഞ്ഞതിൻറെ ആത്മ വിശ്വാസത്തിലാണ് സ്ഥാനാർത്ഥികൾ. വൈകിട്ട് നഗരത്തിലെ സ്റ്റേഡിയം സ്റ്റാൻറ് പരിസരത്താണ് സമാപനം നടക്കുക. എൽ.ഡി.എഫ് സ്ഥാനാർഥി പി സരിൻ ഇൻഡോർ സ്റ്റേഡിയം പരിസരത്ത് നിന്നും യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഒലവക്കോട്ട് നിന്ന് യാത്ര ആരംഭിക്കും. മേലാമുറിയിൽ നിന്നാണ് എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാറിൻ്റെ പ്രചാരണം തുടക്കം കുറിക്കുക.

ബുധനാഴ്ചയാണ് വോട്ടെടുപ്പ്. ഉപതെരഞ്ഞെടുപ്പിൻറെ കൊട്ടിക്കലാശം കണക്കിലെടുത്ത് വൈകിട്ട് 4 മണിമുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

***********************************************************

## സർവ്വീസ് ജീവനക്കാർ-വോട്ടിങ്

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ സർവീസ് ജീവനക്കാർക്കുള്ള വോട്ടിങ് ഇന്ന് അവസാനിക്കും. പാലക്കാട് ആർ.ഡി.ഒ ക്വാർട്ടേഴ്സിലാണ് വോട്ടിങ് നടക്കുന്നത്. നേരത്തെ അനുമതി ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കാണ് സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരം.

***********************************************************

## പാലക്കാട് - മാർച്ച്

പാലക്കാട് ഉപ തെരഞ്ഞെടുപ്പിൽ വ്യാജ വോട്ടുകൾ ചേർത്ത് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുന്നു വെന്ന് ആരോപിച്ച് എൽ.ഡി.എഫ് കളക്ട്രേറ്റ് മാർച്ച് നടത്തി. നേതാക്കൾ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ പാലക്കാട് ജില്ലാ കളക്ടറെ കണ്ട് ഇത് സംബന്ധിച്ച് പരാതികൾ നൽകി. പാലക്കാടിനു പുറമേ മറ്റേതെങ്കിലും നിയോജക മണ്ഡലത്തിൽ വോട്ടുള്ളവരുടെ പേര് പാലക്കാട്ടെ പട്ടികയിൽ നിലനിർത്തുമെന്നും ഇവരുടെ മറ്റു മണ്ഡലത്തിലെ വോട്ട് ഒഴിവാക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

***********************************************************

## ആലപ്പുഴ - ശാസ്ത്രമേള - (ഇൻട്രോ)

ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേളക്ക് ഇന്ന് സമാപനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.**

RNU TVPM

(വോയിസ്.......)

*************************************************************

**അമിത് ഷാ - മണിപ്പൂർ**

മണിപ്പൂരിൽ വീണ്ടും സംഘർഷാവസ്ഥ തുടരുന്ന സാഹചര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് വിശദമായ യോഗം ചേരും. ഇന്നലെ സുരക്ഷാ സ്ഥിതിഗതികൾ ശ്രീ. ഷാ ന്യൂഡൽഹിയിൽ അവലോകനം ചെയ്തിരുന്നു. മണിപ്പൂരിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സുരക്ഷാ സേനയ്ക്ക് ആഭ്യന്തര മന്ത്രാലയം നിർദേശം നൽകിയിട്ടുണ്ട്.

*************************************************************

**ബോധവൽക്കരണം - (ഇൻട്രോ)**

ഇന്ന് കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണദിനം. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങൾ, അക്രമം, കുട്ടികളെ ദുരുപയോഗം ചെയ്യൽ തുടങ്ങിയവ തടയുന്നതിനുള്ള ദിനമായി എല്ലാ വർഷവും നവംബർ 18 ആചരിക്കുന്നു. വളർന്നുവരുന്ന സാങ്കേതിക വിദ്യകളിലൂടെ കുട്ടികൾ നേരിടുന്ന ചൂഷണങ്ങളും അവ തടയാനുള്ള അവസരങ്ങളും എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് **സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം അഡ്വ.മോഹൻകുമാർ ആകാശവാണിയോട് ...........**

(വോയിസ്.........)

*************************************************************

RNUTVPM

## മൻസുഖ് മാണ്ഡവ്യ

2025- ലെ ദേശീയ യുവജനോത്സവം വികസിത് ഭാരത് യുവ നേതൃ സംവാദം എന്ന പേരിൽ ആഘോഷിക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാനുള്ള ചാലകശക്തിയായി പ്രവർത്തിക്കേണ്ടത് യുവജനങ്ങളാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തെ യുവജനങ്ങളെ ശാക്തീകരിക്കാനും അതിലൂടെ യുവനേതൃ നിര ശക്തിപ്പെടുത്താനുമാണ് പരിപാടി ലക്ഷ്യം വയ്ക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

*************************************************************

## കണ്ണൂർ എ.ഡി.എം - പിപി ദിവ്യ

കണ്ണൂർ എ.ഡി.എം ആയിരുന്ന കെ.നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ ഒന്നാം പ്രതിയായ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ രാവിലെ കണ്ണൂർ ടൗൺ പൊലിസ് സ്റ്റേഷനിൽ ഹാജരായി അന്വേഷണ ഉദ്യോഗസ്ഥന് മുൻപിൽ ഒപ്പിട്ടു. ദിവ്യയോടൊപ്പം അഭിഭാഷകനുമുണ്ടായിരുന്നു. എല്ലാ തിങ്കളാഴ്ചയും രാവിലെ അന്വേഷണ ഉദ്യോഗസ്ഥന് മുൻപിൽ ഹാജരാവണമെന്ന് വ്യവസ്ഥയിലാണ് കോടതി ദിവ്യയ്ക്ക് ജാമ്യം അനുവദിച്ചത്.

*************************************************************

## ശബരിമല, പത്തനംതിട്ട - (ഇൻട്രോ)

സന്നിധാനത്ത് സുഖ ദർശനം സാധ്യമാകുന്നതിൻ്റെ ആശ്വാസത്തിൽ തീർഥാടകർ. ദർശന സമയങ്ങളിൽ മിനിട്ടിൽ 18-ാം പടി കയറുന്നത് 80 പേരുവീതം.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**
**(വോയിസ്........)**

***************************************************************

**വി ഡി സതീശൻ**

പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ മുഖ്യമന്ത്രിയും ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രനും നടത്തുന്ന പരാമർശങ്ങൾ ജനങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാനാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പാലക്കാട് മാധ്യമങ്ങളോട് പറഞ്ഞു. പാണക്കാട് തങ്ങൾക്കെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ നേരത്തെ വിമർശനം ഉന്നയിച്ചിരുന്നു. പാണക്കാട് തങ്ങളുടെ പിന്തുണയുണ്ടെങ്കിലേ കോൺഗ്രസിൽ നിലനിൽക്കാനാകൂ എന്ന് കെ സുരേന്ദ്രനും ആരോപിച്ചിരുന്നു.

RNU TVPM

***************************************************************

**കണ്ണൂർ സ്കൂൾ കലോത്സവം - (ഇൻട്രോ)**

കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം നാളെ പയ്യന്നൂരിൽ ആരംഭിക്കും. പയ്യന്നൂർ നഗരത്തിലെയും പരിസരങ്ങളിലെയും 16 വേദികളിലായാണ് മത്സരങ്ങൾ അരങ്ങേറുക.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**
**(വോയിസ്.................)**

***************************************************************

## ഓൺലൈൻ കോടതി

24 മണിക്കൂറും പ്രവർത്തിക്കുന്ന ഓൺലൈൻ കോടതി ഈ മാസം 20- ന് കൊല്ലത്ത് ആരംഭിക്കും. ഹൈബ്രിഡ് മോഡലിൽ പ്രവർത്തിക്കുന്ന കോടതിയിൽ ഫിസിക്കൽ ഫയലിങ് ഇല്ല. അഭിഭാഷകർക്കും ക്ലർക്കുമാർക്കും പ്രത്യേക പരിശീലനം നൽകും. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് നിയമപ്രകാരമുള്ള ചെക്ക് ബൗൺസ് കേസുകളാണ് കോടതിയിൽ ഫയൽ ചെയ്യേണ്ടത്.

*************************************************************

## അമ്പെയ്ത്ത് - സ്വർണ്ണം

ലക്സംബർഗിൽ നടന്ന ജിടി ഓപ്പൺ അമ്പെയ്ത്ത് മത്സരത്തിൻറെ വനിതാ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ ജ്യോതി സുരേഖ വെന്നം സ്വർണം നേടി. നിലവിലെ ഏഷ്യൻ ഗെയിംസ് ചാമ്പ്യനായ ജ്യോതി ആദ്യമായാണ് ജിടി ഓപ്പണിൽ മത്സരിക്കുന്നത്. അതേസമയം, പുരുഷന്മാരുടെ കോമ്പൗണ്ട് ഇനത്തിൽ അഭിഷേക് വെള്ളി മെഡൽ സ്വന്തമാക്കി. നെതർലൻഡ്സിൻ്റെ മൈക്ക് സ്ക്ളോസറിനാണ് സ്വർണ്ണം.

RNUTVPM

*************************************************************

## ലോക പൈതൃക വാരാഘോഷം

ലോക പൈതൃക വാരാഘോഷത്തിന് നാളെ തുടക്കം. സംസ്ഥാന തല ഉദ്ഘാടനം നാളെ രാവിലെ കണ്ണൂർ പയ്യാമ്പലത്ത് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. 1924- ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത

തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം നാളെയും മറ്റന്നാളും ഉണ്ടാവും. 25-വരെയാണ് വാരാഘോഷം.

*************************************************************

**<u>ബോർഡർ ഗവാസ്കർ ട്രോഫി</u>**

ഓസ്ട്രേലിയയ്ക്കെതിരെ ഈ മാസം 22-ന് പെർത്തിൽ ആരംഭിക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യയുടെ ടെസ്റ്റ് ക്യാപ്റ്റൻ രോഹിത് ശർമ്മ കളിക്കില്ല.പകരം വൈസ് ക്യാപ്റ്റൻ ജസ്പ്രീത് ബുംറ ടീമിനെ നയിക്കും. ഫീൽഡിംഗ് പരിശീലനത്തിനിടെ കൈവിരലിന് പരിക്കേറ്റ ഓപ്പണർ ശുഭ്മാൻ ഗില്ലും ആദ്യ ടെസ്റ്റിൽ കളിക്കില്ല. കെ എൽ രാഹുലും അഭിമന്യു ഈശ്വരനും ഇവർക്ക് പകരം ടീമിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

RNU TVPM

*************************************************************

**<u>ഐ.എസ്.ആർ.ഒ</u>**

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 നാളെ യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്കിൻറെ ഉടമസ്ഥതയിലുള്ള Space X ൻറെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ഐ.എസ്.ആർ.ഒ മേധാവി എസ് സോമനാഥ് അറിയിച്ചു. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇൻറർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

*************************************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 482 പോയിൻറ് താഴ്ന്ന് 77,043- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 149 പോയിൻറ് കുറഞ്ഞ് 23,383-ലും വ്യാപാരം തുടരുന്നു.
സ്വർണ വിലയിൽ വർധന. സ്വർണം ഗ്രാമിന് 60 രൂപ ഉയർന്ന് 6,995 രൂപയും, പവന് 480 രൂപ വർധിച്ച് 55,960 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

************

********************************************

***************************************************************